| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 13th January 2016 |

## ഉപതിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ 16 വരെ പേര് ചേർക്കാം

ഉപതിരഞ്ഞെടുപ്പിനായി എട്ട് തദ്ദേശസ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി തുടങ്ങി. ഇതിനുള്ള അപേക്ഷ ജനുവരി 16 വരെ ഓൺലൈനിൽ നൽകാം.

തിരുവനന്തപുരം: കോർപ്പറേഷനിലെ വാഴോട്ടുകോണം, കടയ്ക്കാവൂർ,പഞ്ചായത്തിലെ ആയിക്കുടി, കൊല്ലം : കുലശേഖരപുരത്തെ ആദിനാട് തെക്ക്, പാലക്കാട് : പല്ലശനയിലെ ഒഴുവു പാറ, കുഴൽമന്ദത്തെ മന്ദം, കോഴിക്കോട് : ബാലുശ്ശേരിയിലെ ബാലുശ്ശേരി സൗത്ത് കാസർഗോഡ് : പീലിക്കോട്ടെ കൊടക്കാട്, ചെങ്കളയിലെ ചെർക്കള വെസ്റ്റ് എന്നിവയാണ് വാർഡുകൾ.

കരട് പട്ടിക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും വില്ലേജ്-താലൂക്ക്-ബ്ലോക്ക് ആഫീസുകളിലും പ്രസിദ്ധീകരിച്ചു. 2016 ജനുവരി ഒന്നിനോ അതിനുമുൻപോ 18-വയസ്സു തികഞ്ഞ, പട്ടികയിൽ പേരില്ലാത്തവർക്ക് ഇപ്പോൾ പേര് ചേർക്കാം. ഉൾക്കുറിപ്പ് തിരുത്താനും സ്ഥാനമാറ്റത്തിനുമുള്ള അപേക്ഷയും ഓൺലൈനിൽ നൽകാം. www.lsgelection.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് അപേക്ഷിക്കേണ്ടത്. എന്നാൽ പേര് ഒഴിവാക്കുന്നതിനുള്ള അപേക്ഷ നേരിട്ടോ രജിസ്ട്രേർഡ് തപാലിലൂടെയോ ബന്ധപ്പെട്ട ഇലക്ടറൽരജിസ്ട്രേഷൻ ഉദ്യോഗസ്ഥന് നൽകണം. അവകാശവാദവും ആക്ഷേപവും ജനുവരി 16 വരെ സ്വീകരിക്കും. ഇവയിൽ ജനുവരി 27-നകം തീർപ്പുണ്ടാകും. അന്തിമ പട്ടിക ഫെബ്രുവരി മൂന്നിന് പ്രസിദ്ധീകരിക്കും.

*(എസ്.ഇ.സി. 02/2016)*